**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5609 | 24.05.2017 ൽ മറുപടിക്ക്

## ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.റോജി എം.ജോൺ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി ആരംഭിക്കുന്ന 170 ജീവിത ശൈലി രോഗനിവാരണ ക്ലിനിക്കുകളിൽ ജീവൻരക്ഷാ ഔഷധങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആരെയാണ് നിയമിച്ചിട്ടുള്ളത്; | (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജീവിത ശൈലി രോഗനിർണ്ണയ ക്ലിനിക്കുകളിൽ ഫാർമസിസ്റ്റുമാരാണ് ഔഷധങ്ങൾ കൈകാര്യം ചെയ്യുന്നത്. |
| (ബി) | 1948 ലെ ഫാർമസി നിയമ പ്രകാരം രോഗികൾക്ക് ഔഷധവും ചികിത്സയും നൽകുന്നതിന് ഫാർമസിസ്റ്റുകൾ അല്ലാതെ ആർക്കെങ്കിലും അധികാരമോ അനുവാദമോ നൽകിയിട്ടുണ്ടോ; | (ബി) | 1948-ലെ ഫാർമസി നിയമപ്രകാരം മരുന്നുകൾ ഡിസ്പെൻസ് ചെയ്യുന്നതിന് ഫാർമസിസ്റ്റുകളെ അധികാരപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഡ്രഗ്സ് & കോസ്മെറ്റിക് ആക്ട് പ്രകാരം ദേശീയ സംസ്ഥാന ആരോഗ്യ പദ്ധതികൾക്ക് മരുന്ന് വിതരണം ചെയ്യാനുള്ള അവകാശം ഫീൽഡ് വിഭാഗം ജീവനക്കാർക്കും നൽകിയിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ ജീവിത ശൈലിരോഗനിവാരണ ക്ലിനിക്കുകളിൽ യോഗ്യരായ ഫാർമസിസ്റ്റുകളെ നിയമിക്കാത്തത് എന്തുകൊണ്ടാണ്; | (സി) & (ഡി) | ബാധകമല്ല. |
| (ഡി) | ഇത്തരം രോഗികൾക്ക് മരുന്നു നൽകുവാൻ യോഗ്യതയുള്ള ഫാർമസിസ്റ്റുകളെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ